II. അടിയന്തിരപ്രമേയം

വിദ്യാർത്ഥികൾക്കുനേരെ നടന്നതായി പറയപ്പെടുന്ന പോലീസ് ലാത്തിച്ചാർജ്ജും ബലപ്രയോഗവും

മി. സ്പീക്കർ: ചോദ്യപേപ്പർ ചോർന്നതു സംബന്ധിച്ച് ഇന്നലെ പരീക്ഷാ ഭവൻ, ഡി.പി.ഐ., ഡി.ഡി. എന്നീ ഓഫീസുകളിലേക്ക് മാർച്ചുനടത്തിയ വിദ്യാർത്ഥികൾക്കുനേരെ പോലീസ് അതിക്രൂരമായി ലാത്തിച്ചാർജ്ജും ബലപ്രയോഗവും നടത്തുകയും വിദ്യാർത്ഥികളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നതിലും ഇന്നും നാളെയുമുള്ള പരീക്ഷകൾകൂടി മാറ്റി വച്ചിരിക്കുന്നതിനാലും ഒട്ടേറെ സ്കൂളുകളിൽനിന്ന് വിവിധ ചോദ്യപേപ്പറുകൾ ചോർന്ന വിവരങ്ങൾകൂടി പുറത്തുവന്നതോടെയും സംസ്ഥാനത്തൊട്ടാകെ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വി. ജയരാജൻ, ബിനോയ് വിശ്വം, സി. കെ. നാണു, പി. സി. ജോർജ്, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോക്ടർ കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 a.m.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, എസ്.എസ്.എൽ.സി. പരീക്ഷയുടെ സോഷ്യൽ സയൻസ് 2-ാം പേപ്പറിന്റെ ചോദ്യപേപ്പർ ചോർന്നത് സംബന്ധിച്ച് ഇന്നലെ ഉച്ചയോടുകൂടി തിരുവനന്തപുരത്ത് പൂജപ്പുരയിലെ പരീക്ഷാ ഭവനിലേയ്ക്ക് ഒരു സംഘം എസ്.എഫ്.ഐ. പ്രവർത്തകർ അതിക്രമിച്ചു കടന്നു. പോലീസിനെ തള്ളിമാറ്റി അവർ പരീക്ഷാ സെക്രട്ടറിയുടെ ഓഫീസ് മുറിയുടെ മുന്നിലെത്തി മുദ്രാവാക്യം വിളിച്ചു. പോലീസ് അവിടെനിന്നും 21 എസ്.എഫ്.ഐ. പ്രവർത്തകരെ അറസ്റ്റ് ചെയ്ത് പൂജപ്പുര പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് കേസ് രജിസ്റ്റർ ചെയ്തതിനുശേഷം അവരെ ജാമ്യത്തിൽ വിട്ടു. പോലീസ് ലാത്തിച്ചാർജ്ജ് ചെയ്യുകയോ മർദ്ദിക്കുകയോ ചെയ്തിട്ടില്ല. ഡി. പി. ഐ. ഓഫീസിലേയ്ക്ക് മുപ്പതോളം എ.ഐ. എസ്.എഫ്. പ്രവർത്തകർ ഒരു കോലവും വഹിച്ചുകൊണ്ട് പ്രകടനമായി വന്നു. പോലീസ് അവരെ റോഡിൽ തടഞ്ഞു. അവിടെനിന്നും അവർ പിരിഞ്ഞുപോയി. അവർക്കെതിരെ പോലീസ് ബലപ്രയോഗമോ മർദ്ദനമോ നടത്തിയിട്ടില്ല. കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേയ്ക്ക് രാവിലെ 11.50-ന് എസ്.എഫ്.ഐ. പ്രവർത്തകർ ഇരച്ചുകയറി മുദ്രാവാക്യം വിളിച്ചു. വിവരമറിഞ്ഞെത്തിയ പോലീസ് അവിടെ നിന്നും 42 പേരെ നീക്കം ചെയ്ത് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും കേസ് രജിസ്റ്റർ ചെയ്തതിനുശേഷം ജാമ്യത്തിൽ വിടുകയും ചെയ്തു. അവിടെയും പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയോ മർദ്ദനം നടത്തുകയോ ചെയ്തിട്ടില്ല. ഒരു വിധത്തിലുള്ള ആക്ഷേപവും വരാതിരിക്കാൻവേണ്ടി ഇന്നും നാളെയും നടക്കേണ്ടുന്ന പരീക്ഷകൾകൂടി മാറ്റി വച്ചിട്ടുണ്ട്. ഈ പരീക്ഷകൾ എല്ലാംതന്നെ കുറ്റമറ്റ രീതിയിൽ നടത്താനും അതിന്റെ റിസൾട്ട് യഥാസമയം തന്നെ പ്രസിദ്ധീകരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: തികച്ചും വാസ്തവവിരുദ്ധമായ ഒരു പ്രസ്താവന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നടത്തിയതിൽ ഖേദിക്കുകയാണ്. ഇന്നത്തെ പത്രത്തിലെ മുൻ പേജിൽ വന്നിട്ടുള്ള ഫോട്ടോയാണിത് (ഒരു ദിനപത്രം ഉയർത്തിക്കാണിക്കുന്നു). എട്ട് പോലീസുകാർ ചുറ്റുംകൂടി ഒരു പെൺകുട്ടിയെ സ്റ്റെയർകെയ്സിന്റെ മുകളിൽനിന്നും വലിച്ചിഴച്ച് താഴേയ്ക്കു കൊണ്ടുപോകുന്ന പൈശാചികമായ നടപടി സ്വീകരിച്ചിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വന്ന് ന്യായീകരിക്കുകയാണ്. അങ്ങേയ്ക്കല്ലാതെ മറ്റാർക്കും ഇത് ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. കാണ്ടാമൃഗത്തേക്കാൾ വലിയ ചർമ്മബലം കേരളത്തിലെ മുഖ്യമന്ത്രിക്കുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. എന്താണ് ഇന്നലെ ഉണ്ടായത്? എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ചയുടെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും ജുഡീഷ്യൽ അന്വേഷണം ഉണ്ടാകണമെന്നും കുറ്റക്കാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇന്നലെ വിദ്യാർത്ഥികൾ പരീക്ഷാഭവൻ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഓഫീസുകൾക്ക് മുമ്പിലാണ് സമരം നടത്തിയത്. വിദ്യാർത്ഥികളെ സായുധരായ പോലീസ് പ്രാകൃതമായ രീതിയിലാണ് നേരിട്ടത്. ശത്രുസൈന്യത്തെ എന്നപോലെയാണ് പരീക്ഷാഭവനിലെത്തിയ വിദ്യാർത്ഥികളോട് പെരുമാറിയത്. വിരലിലെണ്ണാവുന്ന വിദ്യാർത്ഥികൾ മാത്രമായിരുന്നു അവിടെ ഉണ്ടായിരുന്നത്. എങ്കിലും ആയുധസന്നാഹത്തോടുകൂടി സായുധരായ പോലീസുകാരാണ് അവിടെ എത്തിയത്. ചോദ്യപ്പേപ്പർ ചോർന്നതറിഞ്ഞയുടനേ സ്വാഭാവികമായും ഉയർന്നുവന്ന പ്രതിഷേധമാണ്. മുൻകൂട്ടി ആലോചിച്ചുനടത്തിയ സമരമൊന്നുമല്ല. ഈ സമരത്തിന് പിന്നിൽ ഉന്നതതല അട്ടിമറിയും ഗൂഢാലോചനയും ഇല്ല. പിന്നെ എന്താണ് വിദ്യാർത്ഥികളെ ഇത്തരത്തിൽ മൃഗീയമായി നേരിടാൻ കാരണം? എസ്.എഫ്.ഐ. സംസ്ഥാന വൈസ് പ്രസിഡന്റ് എം. സ്വരാജ്, സംസ്ഥാന കമ്മിറ്റി അംഗം കെ. ബി. ഷൈനി, കേന്ദ്ര കമ്മിറ്റി അംഗങ്ങളായിട്ടുള്ള പി. ബിജു, സിന്ധു എന്നിവരെ പോലീസ് കൂട്ടംകൂടി നിന്ന് കയ്യേറ്റം ചെയ്യുകയാണുണ്ടായത്. സ്റ്റെയർകെയ്സിന്റെ മുകളിൽനിന്നും താഴെ വലിച്ചിഴച്ചുകൊണ്ടുപോകുന്ന ദൃശ്യമാണ് കണ്ടത്. ഇലക്ട്രോണിക്സ് മീഡിയായിൽ മുഴുവനും വന്നതാണ്. മറ്റൊരു പെൺകുട്ടിയെ മുകളിൽനിന്നും താഴേയ്ക്ക് വലിച്ച് തള്ളിയിട്ടു. ഇതൊക്കെ അങ്ങയുടെ പോലീസിനല്ലാതെ മറ്റാർക്കെങ്കിലും ചെയ്യാൻ കഴിയുമോ? വിദ്യാർത്ഥികളെ ബൂട്ട്സിട്ട കാലുകൊണ്ട് ചവിട്ടി, കൈമുട്ടുകൊണ്ട് ഇടിച്ച്, പെൺകുട്ടികളുടെ വസ്ത്രംപോലും വലിച്ചുകീറി. പോലീസ് വാനിലേയ്ക്ക് വിദ്യാർത്ഥികളെ വലിച്ചിട്ടു. കേട്ടാൽ അറയ്ക്കുന്ന ഭാഷയിലാണ് ചീത്ത പറഞ്ഞത്. ഇതേസമയം ഡി.പി.ഐ. ഓഫീസിലേയ്ക്ക് മാർച്ച് ചെയ്ത എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന ജോയിന്റ് സെക്രട്ടറി അരുൺ ഉൾപ്പെടെയുള്ള വിദ്യാർത്ഥി നേതാക്കന്മാരേയും പോലീസ് മൃഗീയമായി തല്ലി. അവർ ഒരു തെറ്റ് ചെയ്തു. അങ്ങയുടെ കോലം കത്തിച്ചിട്ടുണ്ട്. അത് ചെയ്തത് അപരാധമാണെങ്കിൽ അങ്ങ് അങ്ങയുടെ പോലീസിനെക്കൊണ്ട് എ.ഐ.എസ്.എഫ്.-ന്റെ ആളുകളെ തല്ലിയത് ന്യായീകരിക്കാം. എങ്ങനെയാണ് മുഖ്യമന്ത്രിയുടെ കോലവും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കോലവും പ്രതീകാത്മകമായി കത്തിക്കാതിരിക്കാൻ കഴിയുക? ഇതൊരു കോലംകെട്ട ഗവണ്മെന്റായതുകൊണ്ടാണ് അവർ ആ നടപടി സ്വീകരിച്ചത്.

അല്ലാതെ അങ്ങയോടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും വ്യക്തിപരമായ വിദ്വേഷം ഉള്ളതുകൊണ്ടൊന്നുമല്ല. അഞ്ചു ലക്ഷത്തിലേറെ വിദ്യാർത്ഥികളുടേയും അവരുടെ രക്ഷകർത്താക്കളുടേയും ഉൽകണ്ഠയും വികാരവുമാണ് വിദ്യാർത്ഥികൾ ഈ പ്രവൃത്തിയിലൂടെ പ്രകടിപ്പിച്ചത്. തികച്ചും സമാധാനപരമായിരുന്നു സമരം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസ് ഇവിടെ അനുവദിക്കുന്നില്ല. എന്തും ആകാമെന്ന മട്ടിലാണ് ഈ ഭരണത്തിന്റെ പോക്ക്. എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർന്നു. മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആ കാര്യം ഇന്നലെ സമ്മതിച്ചു. ഉന്നതതല ഗൂഢാലോചന ഇതിന്റെ പിന്നിൽ ഉണ്ട്. അട്ടിമറി ശ്രമമാണിത്. ഈ ഉന്നതന്മാർ ആരാണെന്ന് ഈ സഭയ്ക്ക് അറിയണം. ജനങ്ങൾക്കറിയണം. അതാണ് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം വേണമെന്നാവശ്യപ്പെട്ടത്. ധാർമ്മികമായ ഉത്തരവാദിത്വം ഇന്നലെത്തന്നെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഏറ്റെടുത്തിട്ടുണ്ട്. അങ്ങും ഞാനും ആ ചർച്ചയിൽ ഇന്നലെയുണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് സമ്മതിച്ചു. ധാർമ്മിക ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തു. എന്നാൽ ഒരു ഭീരുവിനെപ്പോലെ ഒളിച്ച ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു ഭീരുവാണെന്നാരും പറയില്ല. ഇപ്പോഴും ആണെന്ന് ആരും പറയില്ല. ക്വസ്റ്റ്യൻ പേപ്പർ ചോർച്ച. അതുകൊണ്ടുതന്നെ അങ്ങൊരു ഭീരുവല്ല. അദ്ദേഹം ആ സ്ഥാനത്തിരിക്കുന്നിടത്തോളംകാലം കുറ്റവാളികൾ രക്ഷപ്പെടും. വിദ്യാഭ്യാസവകുപ്പു മന്ത്രിയുടെ ഓഫീസിനെപ്പറ്റി വ്യാപകമായ ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. ഇന്നലെ തന്നെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഇത് നിഷേധിച്ചു. പരീക്ഷാഭവനിൽനിന്നുമാണ് ചോദ്യപേപ്പർ ചോർന്നതെന്ന് ഇന്ന് എല്ലാ പത്രങ്ങളും എഴുതിയിട്ടുണ്ട്. ഇന്നലെ അങ്ങ് പരീക്ഷാഭവനെ സംരക്ഷിക്കാനാണ് നോക്കിയത്. പരീക്ഷാഭവനിലെ ഉന്നത ഉദ്യോഗസ്ഥരെ സംരക്ഷിക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി നോക്കി.

കുറ്റവാളി എന്ന ആരോപണം ആർക്ക് നേരെയൊക്കെയുണ്ടായോ അവരെയൊക്കെ സംരക്ഷിക്കാനാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ആ പദവി ഉപയോഗിച്ച്, ഈ നിമിഷം വരെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതാണ് ഇവിടത്തെ ഗൗരവതരമായ വിഷയം. പരീക്ഷാഭവനിലെ സുതാര്യതയും എസ്.എസ്.എൽ.സി. പരീക്ഷയുടെ പവിത്രതയും രഹസ്യ സ്വഭാവവും ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. അത് നമുക്ക് വീണ്ടെടുക്കണം. കുറ്റവാളി എത്ര ഉന്നതനായാലും രക്ഷപ്പെട്ടുകൂടാ. അതുകൊണ്ടാണ് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്നത്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ മന്ത്രിയുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ? മന്ത്രിയുടെ സ്റ്റാഫിനെ ചോദ്യം ചെയ്യാൻ സന്നദ്ധമാകുമോ? മന്ത്രിയടക്കമുള്ള ഉന്നതൻമാർക്ക് പങ്കുള്ള ഈ പ്രശ്നത്തിൽ ജുഡീഷ്യൽ അന്വേഷണമല്ലാതെ മറ്റെന്താണ് പോംവഴി? ഒരു പത്രത്തിന് ലഭിച്ച ക്വസ്റ്റ്യൻ പേപ്പർ, ആ ക്വസ്റ്റ്യൻ പേപ്പറിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഇതാണ് ആ പത്രം (പത്രം സഭയിൽ ഉയർത്തിക്കാട്ടി). ഡി.ജി.പി.-ക്കും ഡി.പി.ഐ.-ക്കും സമർപ്പിച്ചതാണ്. ഈ ക്വസ്റ്റ്യൻ പേപ്പറിന്റെ മുൻഭാഗത്ത് മറ്റൊന്നും ഇല്ലല്ലോ? ഇത് താങ്കളുടെ വകുപ്പ് പരിശോധിച്ചല്ലോ? നിങ്ങളുടെ കയ്യിലുള്ളതും ഇതും ശരിയാണെന്ന് നിങ്ങൾ രേഖപ്പെടുത്തിയല്ലോ? അപ്പോൾ ഉന്നത തലത്തിൽ നടന്നിട്ടുള്ള ഗൂഢാലോചനയുടെ സൃഷ്ടിയാണ് ഈ ക്വസ്റ്റ്യൻ പേപ്പർ ചോർച്ച. പത്രപ്രവർത്തകനായ ശ്രീ. രാജേഷ് കാണിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

മാതൃകാപരമായിട്ടുള്ള പ്രവർത്തനമാണ്. ആദ്യം തന്നെ വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും ഉന്നതനായ ഒരു ഓഫീസറുടെ കയ്യിലാണ് ഇത് എത്തിച്ചത്. അതുകഴിഞ്ഞ് ഇപ്പോൾ ഒരാഴ്ചയാകുന്നു. ആരെയെങ്കിലും പിടിച്ചോ? ആരുടെയെങ്കിലും പേരിൽ നടപടിയെടുത്തോ? എന്താണ് ഇവിടെ നടക്കുന്നത്? കണ്ണൂർ ജില്ലയിൽ ചെമ്പേരി നിർമ്മല ഹൈസ്ക്കൂളിൽ ചോദ്യപേപ്പർ പൊട്ടിച്ച നിലയിൽ കണ്ടെത്തിയിരിക്കുകയാണ്. യഥാസമയം വിവരം വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചോ? നിങ്ങൾ ആരുടെയെങ്കിലും പേരിൽ നടപടിയെടുത്തോ? പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി. ഹൈസ്ക്കൂളിൽ ചോദ്യപേപ്പർ പൊട്ടിച്ച നിലയിൽ കണ്ടെത്തി. പത്തനംതിട്ട ഡി. ഇ. ഒ. ആ സംഭവം പൂഴ്ത്തിവച്ചു. ഇപ്പോൾ ഈ വിവാദം പുറത്തുവന്നപ്പോഴാണ് ഈ സംഭവം നാട്ടുകാർ അറിയുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു, പത്തനംതിട്ട ജില്ലയിൽ തന്നെ എലിമുളംപ്ലാക്കൽ ഗവൺമെന്റ് ഹൈസ്ക്കൂളിൽ മാർച്ച് 15-ന് നടന്ന ഇംഗ്ലീഷ് ഒന്നാം പേപ്പർ ഓൾഡ് സ്കീമിന്റെ ചോദ്യപേപ്പർ ചോർന്നു. പരീക്ഷാ ജോലിയുടെ മേൽനോട്ടക്കാരൻ അവിടെ മദ്യപിച്ചാണ് സ്ക്കൂളിലെത്തിയത്. സ്ക്കൂളിൽ ഇൻസ്പെക്ഷന് എത്തിയിട്ടുള്ള പ്രത്യേക സ്ക്വാഡ് എ.ഇ.ഒ.-യുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അത് കണ്ടുപിടിച്ചു. അവർ റിപ്പോർട്ട് ചെയ്തു. ഇപ്പോൾ അങ്ങയുടെ വിദ്യാഭ്യാസ വകുപ്പ് മേലധികാരികൾ ഈ മദ്യപിച്ചെത്തിയ മേൽനോട്ടക്കാരനെ രക്ഷിക്കാൻ പോവുകയാണ്. കോഴിക്കോട് കോക്കല്ലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലും ചോദ്യപേപ്പർ ബ്ലെയ്ഡ് ഉപയോഗിച്ച് മുറിച്ച നിലയിൽ അതിന്റെ പായ്ക്കറ്റ് കണ്ടെത്തി. ഇങ്ങനെ പുതിയ ഒരുപാട് വിവരങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ക്വസ്റ്റ്യൻ പേപ്പർ ചോർച്ച എസ്.എസ്.എൽ.സി. പരീക്ഷയുടെ ചരിത്രത്തിൽ ഇത്രയും വ്യാപകമായ രീതിയിൽ, വിപുലമായ രീതിയിൽ പ്രചരിപ്പിക്കപ്പെട്ട് നടത്തിയ മറ്റൊരു കാലമുണ്ടായിരുന്നില്ല. എന്നിട്ട് അവിടെ അങ്ങ് ഇരിക്കുക എന്നുപറഞ്ഞാൽ അതിനെ എന്ത് പേര് വിളിക്കും? ഇത്തരത്തിൽ അര ഡസനിലധികം സംഭവങ്ങൾ നടന്നിട്ടുണ്ട്. ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ സംഭവങ്ങളെല്ലാം കഴിഞ്ഞതിന് ശേഷം കർശന നടപടി സ്വീകരിക്കുമെന്ന് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാരിന്റെ വിദ്യാഭ്യാസനയമാണ് ഇത്തരമൊരു സ്ഥിതി വിശേഷത്തിൽ കേരളത്തെ കൊണ്ടെത്തിച്ചത്. വിദ്യാഭ്യാസ കച്ചവടക്കാരും ഗൈഡ് ലോബിയും ഇ.ടി.-യുടെ മുകളിലാണ് ഇപ്പോൾ. നിങ്ങൾ വളർത്തികൊണ്ടു വന്നവരാണ് ഇപ്പോൾ നിങ്ങൾക്ക് തന്നെ വിനയായിരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെങ്കിലും പരീക്ഷ നടത്തി ക്രമക്കേട് കണ്ടെത്തിയാൽ നിങ്ങൾക്ക് പിടിക്കാൻ പറ്റുമോ? അതിന് നിയമമുണ്ടോ? അവരാണ് ഇപ്പോൾ കേരളത്തിൽ ഇത്തരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ അട്ടിമറിക്കാൻ നോക്കുന്നത്. പാഠ്യപദ്ധതിയുടെ പരിഷ്ക്കരണവും അതിന്റെ ഭാഗമായുള്ള പുതിയ പരീക്ഷാസമ്പ്രദായവും അട്ടിമറിക്കാനുള്ള വൻ ഗൂഢാലോചനയാണ് ഈ ചോദ്യപേപ്പർ ചോർച്ചയ്ക്ക് പിന്നിലുള്ളത്. വിദ്യാഭ്യാസ വകുപ്പിലെ ഉന്നതർക്ക് ഇതിൽ പങ്കുണ്ട്. പരീക്ഷാവേനിൽ സുപ്രധാന സ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ സഹായമില്ലാതെ ഇപ്പോൾ നടന്നതുപോലെയുള്ള ഒരു ചോർച്ച സാദ്ധ്യമല്ല. തിരുവനന്തപുരത്ത് നിന്നാണ് ചോർച്ചയുണ്ടായതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ആരാണെന്ന് ചില

LIBRARY ARCHIVES Kerala Legislative Assembly

സൂചനകൾ കിട്ടിയിട്ടുണ്ടെന്ന്. ആരാണെന്ന് ഈ സഭയിൽ വ്യക്തമാക്കണം. കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താക്കളും ഉത്ക്കണ്ഠയിലാണ്. അവരുടെ ഉത്ക്കണ്ഠയും ഭയവും.....
(ബഹളം).....ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസമന്ത്രിയായപ്പോൾ ഞങ്ങളെല്ലാം കരുതിയത് ശ്രീ. സുപ്പിയിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു നയമാകുമെന്നാണ്. കുറ്റക്കാരെ രക്ഷിക്കാൻ വേണ്ടി നിങ്ങൾ ഒരു നിലപാട് സ്വീകരിച്ചുകൂടാ എന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ചോദ്യപേപ്പർ ചോർച്ചയ്ക്ക് ആരാണ് ഉത്തരവാദിയെന്ന് ഈ സഭയ്ക്കറിയണം, നാട്ടുകാർക്കറിയണം. ചോദ്യത്തിന്റെ പകർപ്പ് യഥേഷ്ടം പ്രചരിപ്പിക്കപ്പെടുകയാണ്. ചോർത്തുന്നതിനേക്കാൾ ചോർന്നു എന്ന് ബോദ്ധ്യപ്പെടുത്താനുള്ള പരിശ്രമമാണ് ഇവിടെ നടന്നത്. 1993-ലും 1998-ലും ഉണ്ടായ ചോർച്ചയേക്കാൾ ഇത്തവണത്തെ ചോർച്ചയ്ക്കുള്ള പുതിയ തലം അതാണ്. ഗ്രേഡിംഗ് രീതിയിലുള്ള പരീക്ഷയായതിനാൽ ഗൈഡ് കമ്പനികൾക്ക് ഏതാണ്ട് നൂറ് കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. 78 ലക്ഷം ഗൈഡുകൾ എസ്.എസ്.എൽ.സി.-ക്ക് വേണ്ടി മാത്രം കേരളത്തിൽ അച്ചടിക്കുന്നു. അവർ വെറുതെയിരിക്കുമോ? പുതിയ പാഠ്യപദ്ധതി പ്രകാരം ഗൈഡുകൾ അപ്രസക്തമാണ്. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗ്രേഡിംഗിന് എതിരാണ്. പുതിയ പാഠ്യപദ്ധതി സമ്പ്രദായത്തെ അനുകൂലിക്കുന്നവർ ആരാണ്? സർക്കാർ വിദ്യാലയങ്ങളെയും മറ്റും ആശ്രയിച്ച് പഠിക്കുന്ന പാവങ്ങൾ. വിദ്യാഭ്യാസ കച്ചവടക്കാർക്ക് വേണ്ടി അഞ്ച് ലക്ഷത്തിലേറെ വിദ്യാർത്ഥികളുടെ ഭാവികൊണ്ട് പന്താടുകയാണ് ഇക്കൂട്ടർ. മക്കളെ ആശ്വസിപ്പിക്കാൻ കഴിയാതെ കുഴങ്ങുകയാണ് രക്ഷിതാക്കൾ ഇപ്പോൾ. മത്സ്യത്തൊഴിലാളിയായ ഒരു അമ്മയുടെ പ്രതികരണം ഇന്ന് പത്രത്തിൽ വന്നിട്ടുണ്ട്. ആ അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു, "എന്റെ മകൾ ഉറക്കമിളച്ച് പഠിച്ചതാണ്. ഒരു മാസത്തിലേറെയായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വേണ്ടി എന്റെ മകൾ പഠിച്ചുകൊണ്ടിരിക്കുന്നു. ചോദ്യപേപ്പർ ചോർന്നു, എല്ലാം തകർന്നു". ഇത് കേരളത്തിലെ ലക്ഷക്കണക്കിന് അമ്മമാരുടെ ഒരു വികാരമാണ്. അത് നിങ്ങൾ മനസ്സിലാക്കണം. ആ അമ്മ വീണ്ടും ആവർത്തിച്ച് പറയുകയാണ്. "ഇനി എത്ര ശ്രമിച്ചാലും പഴയതുപോലെ പരീക്ഷയെഴുതാൻ എന്റെ മകൾക്ക് ആകില്ല". മോഡൽ പരീക്ഷ പേപ്പർ ചോർന്നിട്ട് ലാഘവബുദ്ധിയോടുകൂടിയാണ് പരീക്ഷകൾ കൈകാര്യം ചെയ്തത്. അതിന്റെ തെളിവാണിത്. ക്രിസ്തുമസ് പരീക്ഷയ്ക്ക് 130 മാർക്കുണ്ട്. അത് ഗ്രേഡിംഗിന് കണക്ക് കൂട്ടും. അത് ചോർന്നപ്പോൾ ഗൗരവമായി എടുത്തില്ല. അതുകൊണ്ട് കൂടിയാണ് മിക്ക രക്ഷിതാക്കളും ഒരു കാര്യം പറയുന്നത്, അവർക്ക് രാഷ്ട്രീയമൊന്നുമില്ല. പരീക്ഷ മാറ്റിവയ്ക്കുന്നതിന് മുൻപ് വകുപ്പുമന്ത്രിയെ സ്ഥാനത്ത് നിന്ന് മാറ്റേണ്ടതായിരുന്നു. ഇത് ഞങ്ങൾ പറയുന്നതല്ല, രക്ഷിതാക്കൾ പറയുന്നതാണ്. ഇന്നത്തെ പത്രത്തിൽ എല്ലാമുണ്ട്. പത്രങ്ങളെല്ലാം മുഖപ്രസംഗം എഴുതി. ഞാൻ കൂടുതൽ സമയമില്ലാത്തതുകൊണ്ട് ആവർത്തിക്കുന്നില്ല. മലയാള മനോരമയുടെ മുഖപ്രസംഗം, "ഇവിടെ കേരളമാണ് അട്ടിമറിക്കപ്പെട്ടത്". അവസാനം എന്താണ് പറയുന്നത്? "റദ്ദാക്കിയ പരീക്ഷകൾ എത്രയും വേഗം നടത്തി വിദ്യാഭ്യാസ വകുപ്പ് വിശ്വാസ്യത വീണ്ടെടുക്കണം. ഫലപ്രഖ്യാപനം വൈകിക്കരുത്. പരീക്ഷയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും തയ്യാറെടുക്കുന്നതിന് പറഞ്ഞറിയിക്കാൻ വയ്യാത്ത ബുദ്ധിമുട്ടുകളാണ് കുട്ടികൾ നേരിടുന്നത്. അന്വേഷണം ഏത് തലത്തിലായാലും കള്ളൻ കപ്പലിൽ തന്നെ. കള്ളൻ രക്ഷപ്പെടരുത്". കപ്പലിലുള്ള കള്ളൻ ആരാണ്? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ, അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മന്ത്രിയായിട്ടുള്ള തൊട്ടപ്പുറത്തിരിക്കുന്ന ഇ.ടി.യാണോ? ഈ നാടിന് അറിയണം. അതിനാണ് ജുഡീഷ്യൽ അന്വേഷണം. മറ്റൊരു പത്രം മാതൃഭൂമി, "വിശ്വാസ്യത തകർക്കുന്ന ചോദ്യകടലാസ് ചോർച്ച". അതിൽ പറയുന്നു, "പരീക്ഷ നടത്തിപ്പിലുണ്ടായ അക്ഷന്തവ്യമായ വീഴ്ചയ്ക്ക് ആത്യന്തികമായ ഉത്തരവാദി സർക്കാർ തന്നെയാണ്". കേരള കൗമുദിയിൽ പറയുന്നു, "കുറ്റക്കാരെ കഠിനമായി ശിക്ഷിക്കണം". അതിൽ പറയുന്നു, "ഇതിന്റെ പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടാകും. അസംബ്ലിയിലും പുറത്തും പ്രകടമായ രോക്ഷം ജനങ്ങളുടെ പ്രതികരണത്തിന്റെ ആഴം സൂചിപ്പിക്കുന്നു". ഇത് ഇവിടെ പറയാതെ ഞങ്ങൾ എവിടെ പറയാനാണ്? ആറ് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രശ്നങ്ങൾ, മത്സ്യത്തൊഴിലാളിയായ ആ അമ്മയുടെ വേദന അപ്പുറത്ത് ഭരണപക്ഷത്തിരിക്കുന്നവർക്ക് പ്രശ്നമല്ലെങ്കിൽ ഞങ്ങൾക്ക് പ്രശ്നമാണ്.....(ബഹളം).....

Mr. Speaker: Please Conclude.....(ബഹളം).....

പരീക്ഷ എപ്പോൾ പുനരാരംഭിക്കുമെന്നു ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. പുതുക്കിയ തീയതി 29-3-2005-ന് മാത്രമെ നിശ്ചയിക്കാൻ കഴിയൂ എന്നാണ് മന്ത്രി പറയുന്നത്. നാല് സെറ്റ് ചോദ്യപേപ്പർ തയ്യാറാക്കിയിട്ടുണ്ട്. സാധാരണ നിലയിൽ ഒരു സെറ്റ് ചോർന്നാലും തൊട്ടടുത്ത ദിവസം തന്നെ അടുത്ത സെറ്റ് ഉപയോഗിച്ച് പരീക്ഷ നടത്താൻ കഴിയും. മുൻ കാലങ്ങളിൽ ചോർച്ച ഉണ്ടായപ്പോൾ ഇത്തരത്തിലാണ് ചെയ്തത്. മുൻകാലത്തെ ചോർച്ചയിൽനിന്നു വ്യത്യസ്തമാണ് ഇപ്പോഴത്തെ ചോർച്ച. പരീക്ഷ ഫലം തന്നെയാണ് ഇവിടെ പ്രതിക്കൂട്ടിൽ . ചോദ്യപേപ്പർ തയ്യാറാക്കിയിടത്തുനിന്നാണ് ചോർച്ചയുണ്ടായത് എന്നാണ് റിപ്പോർട്ട്. പുതുതായി ചോദ്യപേപ്പർ തയ്യാറാക്കണം. അതിന് സമയം വേണ്ടിവരും. അപ്പോൾ പരീക്ഷ നീണ്ടുപോകും. ഏപ്രിൽ 3-ന് വാല്യുവേഷൻ നടത്താൻ കഴിയുകയില്ല. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട തീയതിയിൽ റിസൾട്ട് പ്രഖ്യാപിക്കാൻ കഴിയുകയില്ല. അക്കാദമിക് ഷെഡ്യൂൾ മുഴുവൻ താളംതെറ്റും. ഇതിൽ ഏറെ സന്തോഷിക്കുക പ്രൊഫഷണൽ വിദ്യാഭ്യാസ കച്ചവടക്കാരായിരിക്കും. പരീക്ഷാഭവനിൽ പരീക്ഷയുടെ എല്ലാ രഹസ്യ സ്വഭാവവും നഷ്ടമായിരിക്കുന്നു. പരീക്ഷാബോർഡ് യോഗത്തിൽ ഇപ്പോൾ കമ്പ്യൂട്ടർ സിസ്റ്റം മാനേജർ യാസർ പങ്കെടുക്കുകയാണ്. ഐ.സി.എസ്.ഇ. സ്കൂളിന്റെ ഡയറക്ടർ അവിടെ എല്ലാ കാര്യങ്ങളിലും ഇടപെടുകയാണ്. കരാർ ജീവനക്കാരാണ് പരീക്ഷാ ജോലിയിൽ ഏർപ്പെടുന്നത്. ഇതാകട്ടെ, ലീഗിന്റെ പ്രവർത്തകരാണ്. പരീക്ഷാഭവനിൽ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് കൃത്യമായി നടക്കുന്നില്ല. ബാങ്ക് അക്കൗണ്ടിലും ധനപരമായ നടത്തിപ്പിലും ക്രമക്കേടുണ്ട്. ഇത് വിദ്യാഭ്യാസ മന്ത്രിയുടെ ആഫീസിലുള്ളവർക്ക് കൃത്യമായി അറിയാം. ഇതുപയോഗിച്ച് പരീക്ഷാഭവൻ സെക്രട്ടറിയെ വിദ്യാഭ്യാസ മന്ത്രി ബ്ലാക്ക് മെയിൽ ചെയ്യുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കണമെന്നു പറയുന്നത്. നെഹ്രു മന്ത്രിസഭയിൽ ആദരണീയനായ ലാൽബഹദൂർ ശാസ്ത്രി ഒരു തീവണ്ടി അപകടം ഉണ്ടായപ്പോൾ രാജിവച്ചു പോയ ആളാണ്. അപ്പുറത്ത് ശ്രീ. കെ. പി. വിശ്വനാഥൻ രാജിവച്ചില്ലേ, ഇപ്പോൾ അവിടെ ഒരു മന്ത്രിയെ കാണുന്നില്ല. അദ്ദേഹം ഇപ്പോൾ ലൈവായി ടി.വി.-യിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ശ്രീ. എ. പി. അനിൽകുമാർ രാജിവച്ചു. ഇങ്ങനെ ഏറ്റവും ഗൗരവമായ പ്രശ്നങ്ങളിൽ നിന്നു ഒളിച്ചോടുന്ന ഒരു ഗവൺമെന്റ്, വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കാതെ ഈ കേരളത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപക സമൂഹവും അടങ്ങിയിരിക്കുകയില്ല. അതുകൊണ്ട് രാജിവയ്ക്കണം. സ്വയം രാജിവയ്ക്കുന്നില്ലെങ്കിൽ മുഖ്യമന്ത്രി പുറത്താക്കണം. ഇതിൽ അടിയന്തിര സ്വഭാവമുണ്ട്. രക്ഷിതാക്കൾ ഉത്കണ്ഠയിലാണ്. അവരുടെ വികാരമാണ് ഇത്. അതുകൊണ്ട് സ്വീകരിക്കാവുന്ന നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാൻ അങ്ങ് മുൻകൈയെടുക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ബഹുമാനപ്പെട്ട ശ്രീ. എം. വി. ജയരാജൻ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പരീക്ഷയെ ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ചിലത് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമത്തെ കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. മന്ത്രിയുടെ തന്നെ അറിവോടുകൂടി കുറ്റവാളികൾ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. നമ്മൾ എല്ലാംതന്നെ, രാഷ്ട്രീയമായി എന്തൊക്കെയുണ്ടെങ്കിലും, ഒരു കോമൺസെൻസ് നമുക്കെല്ലാമുണ്ട്. ഏതെങ്കിലും മന്ത്രി ചെയ്യുമോ ? ഒരു മന്ത്രിയുടെ ജീവിതത്തിൽ താൻ തുടങ്ങിവച്ച ദൗത്യം പരാജയപ്പെടുത്താൻവേണ്ടി ചില ശക്തികൾ ശ്രമിക്കുന്ന സമയത്ത് ഏതൊരു മന്ത്രിയായാലും ശ്രമിക്കുക അവരെ രക്ഷപ്പെടുത്താനല്ല മറിച്ച് അവരെ ശിക്ഷിക്കാൻ വേണ്ടിയാണ്. ഞാനല്ല, ലോകത്ത് ഒരു മന്ത്രിയും അതിന് ശ്രമിക്കുകയില്ല. അതുകൊണ്ട് ഞാൻ കുറ്റവാളികളെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരിയായി പറഞ്ഞാൽ പാതകമായിപ്പോയി. അദ്ദേഹം പറയാൻ പാടില്ലായിരുന്നു. അങ്ങനെ ഒരു മന്ത്രിയും ചെയ്യുകയില്ല. എനിക്ക് ആരെയും ഡിഫന്റ് ചെയ്യേണ്ട കാര്യമില്ല. എന്റെ ഉദ്ദേശ്യമെന്നു പറയുന്നത് കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നുള്ളതാണ്. ഇന്നലെയും ഞാനത് പറഞ്ഞു. പരീക്ഷാഭവനാണെന്നു അദ്ദേഹത്തിന് പറയാം. പത്രത്തിന് പറയാം. ഒരു മന്ത്രിക്ക് അന്വേഷണം നടത്താതെ പറയാൻ ഒക്കുമോ? അന്വേഷണം നടത്തിയിട്ട് പരീക്ഷാഭവനാണെങ്കിൽ പരീക്ഷാഭവൻ. ഞാൻ ആരെയും ന്യായീകരിച്ചിട്ടില്ല. ന്യായീകരിക്കുന്ന പ്രശ്നവുമില്ല. അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടു പിടിക്കുന്നതിൽ ഞാൻ മുൻപന്തിയിൽ നിൽക്കും. പിന്നെ വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കണമെന്നത് ; ഇ. ടി. മുഹമ്മദ് ബഷീർ കേരളത്തിൽ വിദ്യാഭ്യാസ മന്ത്രിയായിരിക്കുന്നതോ അല്ലയോയെന്നത് കേരളത്തിൽ വാർത്തയേ അല്ല. അത് പ്രശ്നമുള്ള കാര്യമല്ല. എനിക്കാണെങ്കിൽ 10-15 ദിവസം പിടിച്ചു നിൽക്കുന്നതു കൊണ്ട് ഒന്നും നേടാനുമില്ല. പക്ഷേ ഞാൻ കാണുന്ന ഒരു സംഗതി, വളരെ വലിയ ഒരു കാര്യം നമ്മൾ തുടങ്ങിവച്ചിരിക്കുകയാണ്. ഒരു ഭരണകർത്താവ് അതിന്റെ നടുവിൽവെച്ച് ഇട്ടേച്ച് പോകുന്നത് ഈ സിസ്റ്റത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശരിയായ വിജയത്തിന് വിഘാതമാകും എന്ന ഉദ്ദേശ്യമല്ലാതെ ഏതാനും ദിവസം ഇവിടെ പിടിച്ചു നിൽക്കുന്നതുകൊണ്ട് എനിക്ക് എന്താണ് കിട്ടാനുള്ളത്? എനിക്ക് എന്താണ് ലാഭം ? ഞാൻ അങ്ങനെ ലാഭം പ്രതീക്ഷിക്കുന്നില്ല. ഞാനും നിങ്ങളും എല്ലാം തുടങ്ങിവച്ച ദൗത്യം പൂർത്തീകരിക്കാൻ, അത് ഉപേക്ഷിച്ച് ഞാൻ പോകണ മെന്നാണ് നിങ്ങൾ പറയുന്നത്. ഈ മഹത്തായ ആശയത്തെ വഴിയിൽ ഇട്ട് പോകാനല്ലേ ഉപകരിക്കൂ. അത് മാത്രമാണ് എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത്. മറ്റൊരു കാര്യം ഇവിടെ ഇപ്പോൾ ചോദ്യപേപ്പർ പൊട്ടിച്ചതിനെപ്പറ്റി അദ്ദേഹം പറഞ്ഞു. എന്തുകൊണ്ടാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് പൊട്ടിച്ചുവെന്ന്. ഈ വാർത്ത കിട്ടിയ അന്നുതന്നെ ഡി.പി.ഐ.-ക്ക് ഇൻസ്ട്രക്ഷൻ കൊടുത്തു. ചോദ്യപേപ്പർ ലീക്കായിട്ടുണ്ട്. അതുകൊണ്ട് ഒരിടത്തും ഇനി പരീക്ഷാ പേപ്പർ ഓപ്പൺ ചെയ്യരുത് അതേ ബണ്ടിൽ നിങ്ങൾ തിരിച്ച് എത്തിക്കണമെന്നു ഇൻസ്ട്രക്ഷൻ കൊടുത്തു. ഞങ്ങൾ ആ ഇൻസ്ട്രക്ഷൻ കൊടുത്തിട്ടില്ലായിരു ന്നെങ്കിൽ എവിടെയാണ് ടാമ്പറിംഗ് നടന്നതെന്നു സഭയിൽ ശ്രീ. എം. വി. ജയരാജന് പറയാൻ പറ്റുമായിരുന്നില്ല. അവർ പിറ്റേന്നു പൊളിക്കുമായിരുന്നേനെ. ഞങ്ങൾ പറഞ്ഞു അത് പൊളിക്കാൻ പാടില്ല, ആ ബണ്ടിൽ അങ്ങനെ തന്നെ ഇവിടെ എത്തിക്കണമെന്നു പറഞ്ഞതുകൊണ്ട് കേരളത്തിന്റെ റിമോട്ട് ഏരിയായിൽ നിന്നുപോലും ബണ്ടിൽ വന്നു. അത് വന്നതുകൊണ്ടാണ് ശ്രീ. ജയരാജന് പറയാൻ കഴിഞ്ഞത്. എനിക്ക് പറയാൻ കഴിയുന്നത്. അതുകൊണ്ട് എവിടെയാണ് ടാമ്പറിംഗ് സംഭവിച്ചത് എന്ന് നോക്കിയിട്ട് അതിന്റെ പേരിൽ നടപടിയെടുക്കാൻ സാധിക്കും. പിന്നെ അദ്ദേഹം പറഞ്ഞ ഒരു കാര്യം അമ്മയുടെ ദു:ഖം. ഞാൻ അത് മനസ്സിലാക്കുന്ന ആളാണ്. 5 ലക്ഷം കുട്ടികളുടെ കാര്യത്തിൽ നിങ്ങൾക്കെല്ലാം ഉള്ള തിനെക്കാൾ ദു:ഖം എനിക്കുണ്ട്. അതുകൊണ്ട് തന്നെ ഞാൻ കേരളത്തിലെ രക്ഷിതാക്കൾക്കും കുട്ടികൾക്കും ഇക്കാര്യത്തിൽ വന്ന പ്രയാസത്തിൽ മാപ്പ് ചോദിക്കുകയാണ്. അതേ സമയത്ത് ഞാൻ പറയട്ടെ ഒരു ആശങ്കയുംവേണ്ട. നമ്മൾ പറഞ്ഞുണ്ടാക്കുകയും വേണ്ട. ഭംഗിയായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളി ലെയും പരീക്ഷ നടന്നിട്ടുണ്ട്. ഒരു കുറ്റവും അതു സംബന്ധിച്ചില്ല. ഏതെങ്കിലും ഒരു എസ്.എം.എസ്. അങ്ങോട്ട് പോയി, അല്ലെങ്കിൽ ഇങ്ങോട്ട് പോയി എന്നു പറഞ്ഞിട്ട് പ്രധാനപ്പെട്ട വിഷയങ്ങളിൽ എല്ലാം നടന്ന പരീക്ഷയിൽ രണ്ടാമത് കുട്ടികളെ ഒരു അഗ്നിപരീക്ഷയ്ക്ക് ഇരുത്തേണ്ട ഒരു കാര്യവുമില്ല. നടന്ന പരീക്ഷയെല്ലാം കൃത്യമായി നടന്നതാണ്. ഇതിൽ ഇങ്ങനെ ലീക്ക് വന്നു എന്നു വിചാരിച്ചിട്ട് അതിലും ലീക്ക് ആവാം എന്നു പറയുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് വളരെ വ്യക്തമായി നടന്ന പരീക്ഷകൾ റീഓപ്പൺ ചെയ്യുന്ന പ്രശ്നമില്ല. ആ കാര്യത്തിൽ കുട്ടികൾക്ക് ആശങ്ക വേണ്ട. രക്ഷിതാക്കൾക്ക് ആശങ്ക വേണ്ട. ഇനി നടക്കാൻ ഇരിക്കുന്ന പരീക്ഷയെ സംബന്ധിച്ച് ഒരു കാര്യമുണ്ട്. ഇന്നും നാളെയും നടക്കാനുള്ള പരീക്ഷ നമ്മൾ നിർത്തിവെച്ചു. എന്തിനാണ് നിർത്തി വെച്ചത്? ലീക്കായി എന്ന തോന്നൽ വന്നതുകൊണ്ട് അല്ലാതെ ഒന്നുമല്ല. ലീക്കായിട്ടുണ്ടാകാമെന്നു സംശയമുണ്ട്. സംശയത്തിന്റെ മേൽ ഒരു പരീക്ഷ നടത്താൻ ഒക്കുകയില്ല. ആ സദുദ്ദേശം വച്ചുകൊണ്ടാണ് ഗവൺമെന്റ് ഈ പരീക്ഷ ഇപ്പോൾ നടത്തേണ്ടന്നു തീരുമാനിച്ചിട്ടുള്ളത്. ഇനിയുള്ള പരീക്ഷകൾ 28-ാം തീയതി പരീക്ഷ വച്ചിട്ടുള്ളതാണ്. ലീക്കായിട്ടുണ്ടെന്ന

LIBRARY ARCHIVES Kerala Legislative Assembly

ബോധ്യം ഗവൺമെന്റിനില്ല. പോലീസ് അന്വേഷിച്ചിട്ടുവേണം ലീക്കായിട്ടുണ്ടോ എന്നു കണ്ടുപിടിക്കാൻ. അതിന് സമയമെടുക്കും. അതിന് സമയം എടുക്കുന്നതു കൊണ്ട് ആ സംശയം വച്ചുകൊണ്ട് ബാക്കിയുള്ള പരീക്ഷ നടത്തിയാൽ വൃത്തിയാവുകയില്ല. ഒരു റിസ്ക്കും എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. വല്ല സംശയവും ബാക്കിവച്ചുകൊണ്ട് ഇനി ഒരു പരീക്ഷ നടത്തുകയാണെങ്കിൽ ഈ ചോർന്നതു പോലെ ചോർന്നെന്നു അന്നു വിവരം കിട്ടുകയാണെങ്കിൽ ബുദ്ധിമുട്ടാവുകയില്ലേ ? കുട്ടികളുടെ ഭാവി പന്താടാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല എന്നുള്ളതുകൊണ്ട് എല്ലാ ചോദ്യക്കടലാസും പുതുതായി അടിച്ച് പരീക്ഷ നടത്താൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള റീഷെഡ്യൂൾ ഞാൻ ഇവിടെ പ്രഖ്യാപിക്കുകയാണ്. റീഷെഡ്യൂൾ എന്നു പറയുന്നത് ഇനി നടത്താനിരിക്കുന്ന പരീക്ഷകൾ ഇനി പറയുംപ്രകാരമാണ്. സോഷ്യൽ സയൻസ് II. ഏപ്രിൽ 18 തിങ്കൾ, ഫിസിക്സ് - ഏപ്രിൽ 19 ചൊവ്വ, കെമിസ്ട്രി - ഏപ്രിൽ 20 ബുധൻ, ബയോളജി - ഏപ്രിൽ 22 വെള്ളി, ഇൻഫർമേഷൻ ടെക്നോളജി ഏപ്രിൽ 23 ശനി. വാല്യൂവേഷൻ ക്യാമ്പ് 27 മുതൽ 13 വരെ. ഡിക്ലറേഷൻ ഓഫ് റിസൾട്ട് 25 മേയ്. ഞാൻ ഇന്നലെ പറഞ്ഞത് മേയ് 27 എന്നാണ്. അത് 25-നു തന്നെ പ്രഖ്യാപിക്കാൻ സാധിക്കും. ഞാൻ സഭയോട് പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം ദയവായി നിങ്ങൾ ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയം പറയരുത്? രാഷ്ട്രീയം നിങ്ങൾക്ക് പറയാം. രാഷ്ട്രീയം പറയുന്നതുകൊണ്ട് കുഴപ്പമില്ല. എന്റെ സ്നേഹിതൻ ശ്രീ. എം. വി. ജയരാജനെപ്പോലെ ഈ സഭയിൽ വളരെ സഹകരിക്കുന്ന ഒരു വ്യക്തി പത്രങ്ങളെ ഉദ്ധരിച്ചു, എന്തിനാണ് ഞാൻ പീഡിപ്പിക്കപ്പെടുന്നത് ? എന്തിനാണ് നിങ്ങൾ എന്നെ ഇങ്ങനെ ആക്ഷേപം പറയുന്നത്? എന്താണ് ഞാൻ ചെയ്തിട്ടുള്ള തെറ്റ്? ഇവിടെ അദ്ദേഹം ഉദ്ധരിച്ച പത്രങ്ങളുണ്ട്. ആ പത്രങ്ങളുടെ മുഖപ്രസംഗത്തിന്റെ ആദ്യഭാഗത്തുതന്നെ ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് അദ്ദേഹം കോട്ട് ചെയ്തില്ല. ഞാൻ അങ്ങയുടെ പത്രമായ ദേശാഭിമാനി പത്രത്തിൽ വിദ്യാഭ്യാസ മന്ത്രി ഇ. ടി. മുഹമ്മദ് ബഷീർ രാജിവയ്ക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് എഴുതിയ മുഖപ്രസംഗത്തിലെ ഒരു വാചകം ഇവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. ഗ്രേഡിംഗ് സമ്പ്രദായം വന്നതോടുകൂടി ഗൈഡ് ലോബിയുടെ കച്ചവടമാണ് പൂട്ടിയത്. ഈ സമ്പ്രദായത്തിന് എതിരെ വിമർശനങ്ങൾ കൊണ്ടു വന്നത് ഈ കൂട്ടർതന്നെയാണ്. പക്ഷേ പരീക്ഷാ ആരംഭിച്ചതോടുകൂടി കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ഇതിന്റെ ഗുണവശങ്ങൾ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. അവരുടെ പിന്തുണയും കിട്ടി. ആദ്യ ബാച്ച് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയാണ്. പുതിയ പാഠ്യപദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ചത് ഈ ലോബി തന്നെയാണല്ലോ. ഈ സമ്പ്രദായത്തിൽ സ്ക്കൂൾ പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടികൾ കാലത്തിന്റെ വെല്ലുവിളികളെ മറികടക്കാൻ കരുത്തുള്ളവരാകുമെന്നു ഇപ്പോൾ എല്ലാവരും അംഗീകരിക്കുന്നുണ്ട്. അപ്പോൾ എന്തു വില കൊടുത്തും ഇതിനെ തകർക്കേണ്ടത് നിക്ഷിപ്ത താൽപര്യക്കാരുടെ ആവശ്യമാണ്. കുട്ടികളുടെ പരീക്ഷാ അട്ടിമറിച്ചാലും വേണ്ടില്ല തങ്ങളുടെ ലക്ഷ്യം നേടിയാൽ മതി ഇവർക്ക്. ഇതാണ് ഇപ്പോൾ കണ്ടത്. ഞാൻ ചോദിക്കുകയാണ് ശ്രീ. ജയരാജനോട്. എൽ.ഡി.

LIBRARY ARCHIVES Kerala Legislative Assembly

എഫ്.-ന്റെ കാലത്ത് തുടങ്ങിവച്ച പാഠ്യപദ്ധതിയാണ്. എനിക്ക് അപ്പുറത്തുള്ള ആളുകളോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് ഞാൻ പറയുകയാണ്, നിങ്ങൾ പഠിപ്പുള്ളവരാണ്, അറിവുള്ളവരാണ്, ഈ രാജ്യത്ത് ഈ കാലംവരെ സെമിനാറിലും സിമ്പോസിയത്തിലുംകൂടി ഉയർന്നുവന്നൊരു ആശയം സാധാരണക്കാരനായ എന്റെ നേതൃത്വത്തിൽ ഈ രാജ്യത്ത് വരുന്ന സമയത്ത് എന്റെ കരങ്ങൾ ശക്തിപ്പെടുത്തി നിങ്ങൾ എന്റെ കൂടെ നിൽക്കുകയല്ലേ വേണ്ടത്?

ഒരു മാറ്റം രാജ്യത്ത് കൊണ്ടുവന്ന സമയത്ത് സഹകരിക്കുകയല്ലേ വേണ്ടത്? നിങ്ങളിവിടെ കേരളകൗമുദി ഉദ്ധരിച്ചു. കേരളകൗമുദിയാണ് ഈ വാർത്ത പുറത്തുകൊണ്ടു വന്നത്. ഇന്നത്തെ കേരളകൗമുദി എഴുതിയ മുഖപ്രസംഗത്തിന്റെ ഒരു വാചകം ഞാൻ വായിക്കുകയാണ്. എന്നെ ബാധിക്കുന്ന ഒരു കാര്യമുള്ളതുകൊണ്ട് സത്യത്തിൽ അത് വായിക്കണ്ടാ എന്നാണ് ഞാൻ വിചാരിച്ചത്. നിങ്ങൾ പറഞ്ഞതുകൊണ്ടാണ് ഞാൻ വായിക്കുന്നത്. ഇല്ലെങ്കിൽ ഞാൻ വായിക്കുമായിരുന്നില്ല. എന്താണ് പറഞ്ഞത്? വിദ്യാഭ്യാസ വകുപ്പിൽ പോസ്റ്റിംഗുകളിൽ കുറച്ചു നാളുകളായി കണ്ടുവന്നിരുന്ന സാമുദായിക പക്ഷപാദിത്വം പൂർണ്ണമായി ഒഴിവാക്കി കാര്യക്ഷമത മാനദണ്ഡമാക്കി നിയമനങ്ങൾ നടത്തിവരികയായിരുന്ന വിദ്യാഭ്യാസ മന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ അഭിനന്ദനീയമായ ഭരണം അസൂയ കലർന്ന വിമർശനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നെപ്പറ്റി പറഞ്ഞതാണ്. ഞാൻ അത് പറയേണ്ട എന്നു വിചാരിച്ചതാണ്. കേരള കൗമുദി ഉദ്ധരിച്ചതുകൊണ്ട്, കേരളകൗമുദി ആയതുകൊണ്ട് നിങ്ങൾ ഇവിടെ പറഞ്ഞതുകൊണ്ടാണ് എനിക്ക് ഇവിടെ ഉദ്ധരിക്കേണ്ടി വന്നത്. നിങ്ങൾ സദയം ക്ഷമിക്കണം. ഗ്രേഡിംഗ് സിസ്റ്റം പൊതുവേ സ്വാഗതം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ യശസ്സിൽ കരി വാരി തേയ്ക്കണമെന്ന് ആഗ്രഹിച്ച അധമന്മാർക്ക് ആദ്യത്തെ വിജയം ലഭിച്ചു. ചോർത്തിയത് ഒറ്റ തിരിഞ്ഞുള്ള സംഭവമാണെന്ന് തോന്നുന്നില്ല. അതിന്റെ പിന്നിൽ ഒരു ഗൂഢാലോചന നടന്നിട്ടുണ്ട്. ഞാൻ ചോദിക്കുന്നത് നിങ്ങൾക്ക് ആഗ്രഹമില്ലേ? എനിക്ക് ആഗ്രഹമില്ലേ? ഈ പരിവർത്തനത്തിന് നില്ക്കുന്നതിന്റെ ഫലമായി അനുഭവിക്കുന്ന പീഡനവും പ്രയാസവും മറന്നുകളഞ്ഞുകൊണ്ട് കുറ്റവാളികൾ ആരാണെന്നു കണ്ടെത്താനുള്ള പരിശ്രമത്തിൽ കൂട്ടായി നില്ക്കണമെന്ന് നിങ്ങളുടെ മനസ്സാക്ഷി നിങ്ങളോട് മന്ത്രിക്കുന്നില്ലേ? എന്തിനാണ് ഈ കാര്യത്തിൽ നിങ്ങൾ രാഷ്ട്രീയം കൊണ്ടുവരുന്നത്? ഇത് ഞങ്ങളുടെ പ്രശ്നമാണോ? നിങ്ങളുടെ പ്രശ്നമാണോ? ഈ നാട്ടിലെ അഞ്ചു ലക്ഷം കുട്ടികൾ ആഗ്രഹിക്കുന്ന ഒരു പരിവർത്തനം, രക്ഷകർത്താക്കൾ ആഗ്രഹിക്കുന്ന ഒരു പരിവർത്തനം, ഈ നാട് ആഗ്രഹിക്കുന്ന ഒരു പരിവർത്തനം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന സമയത്ത് ഇതിനെതിരായി വരുന്ന വെല്ലുവിളികളെ എതിർക്കുവാൻ നിങ്ങളുടെ സഹായം ഞങ്ങൾക്കു വേണം. അതിനു പകരം നിങ്ങൾ ഇത് രാഷ്ട്രീയമായി തിരിച്ചുവിട്ടാൽ ഉണ്ടാകുന്നത് ഈ കുറ്റവാളികൾ രക്ഷപ്പെടുന്നത് ആയിരിക്കും. ദയവായി നിങ്ങൾ അതിനു നില്ക്കരുതെന്നു മാത്രമാണ് വിനീതമായി എനിക്ക് സൂചിപ്പിക്കുവാനുള്ളത്. പരീക്ഷയുടെ കാര്യത്തിൽ ഇനി ഒരു പ്രശ്നം ഉണ്ടാകുകയില്ല. കുറ്റമറ്റ വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷ നടത്താൻ ആവശ്യമായ എല്ലാ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. നിങ്ങളുടെ സഹകരണം ഉണ്ടാകണം. സഹായമുണ്ടാകണം. എങ്കിൽ മാത്രമേ ഈ ദൗത്യം പൂർത്തീകരിക്കുവാൻ സാധിക്കൂ എന്ന് വിനീതമായി നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും വിദ്യാഭ്യാസ മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ ആറു ലക്ഷം വിദ്യാർത്ഥികളുടെ പേരിൽ പ്രതിപക്ഷത്തോട് എനിക്ക് ഒരു കാര്യത്തിൽ നന്ദിയുണ്ട്. ഇതുവരെ നടത്തിയ എട്ടു പരീക്ഷകൾ റദ്ദാക്കണമെന്ന ആവശ്യം നിങ്ങൾ ഇന്ന് ഉന്നയിക്കാതിരുന്നതിലാണ് ആ നന്ദി. ഇരുപത്തിനാലു മണിക്കൂർകൊണ്ട് നിങ്ങൾ ചില യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടു എന്നു മനസ്സിലാക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആറു ലക്ഷം വിദ്യാർത്ഥികൾ അവരുടെ കുടുംബാംഗങ്ങൾ, വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ടു നില്ക്കുന്ന എല്ലാവരും ആശങ്കയോടെ ഉറ്റുനോക്കുന്ന ഈ പ്രശ്നം, കുറ്റമറ്റ രീതിയിലാണ് ഇതുവരെയുള്ള പരീക്ഷകൾ നടന്നത്. അതിനെക്കുറിച്ചുള്ള പരിശോധനയും നടത്തി. ഇന്നലത്തേതിൽനിന്നും വ്യത്യസ്തമായി ഇന്ന് ആ പരീക്ഷകൾ റദ്ദ് ചെയ്യണമെന്ന് പറയാതിരിക്കുന്ന നിങ്ങളുടെ നിലപാടിനോട്, ആ യാഥാർത്ഥ്യ ബോധം ഉൾക്കൊണ്ടതിന് ഞാൻ പ്രത്യേകമായിട്ട് നന്ദി പറയുകയാണ്.

ശ്രീ. എം. വി. ജയരാജൻ : ഇന്നലേയും പറഞ്ഞില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഇന്നലെ എന്താണ് പറഞ്ഞതെന്നുള്ളത് അറിയാമല്ലേ? ഞാനല്ല മറുപടി പറഞ്ഞത്. അതുകൊണ്ടാണ് പറഞ്ഞത്. ഇവിടെ പോലീസിന്റെ അതിക്രമത്തെക്കുറിച്ച് ശ്രീ. ജയരാജൻ പറഞ്ഞു. ഇത്രയധികം പോലീസ് അക്രമങ്ങൾ നടത്തിയിട്ട് ആർക്കാണ് പരിക്ക് പറ്റിയത്? ആർക്കെങ്കിലും പരിക്ക് പറ്റിയോ? ആരെങ്കിലും ആശുപത്രിയിൽ പോയോ? അങ്ങ് അതൊന്നും പറഞ്ഞില്ല. നടന്ന ചില യാഥാർത്ഥ്യങ്ങൾ, പോലീസിനെ തള്ളിമാറ്റി പരീക്ഷാഭവനിലേയ്ക്ക് കയറിയവരെ അറസ്റ്റ് ചെയ്യേണ്ടേ? അവരെ അറസ്റ്റ് ചെയ്യുമ്പോൾ ഇന്നത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ ആ അറസ്റ്റിനോട് സഹകരിക്കാതിരുന്നപ്പോൾ ഒരു ബലപ്രയോഗമില്ലാതെ അവരെ റിമൂവ് ചെയ്യുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ അവർ സ്വീകരിച്ചു. അതിനപ്പുറത്തേയ്ക്ക് ഒരു ബലപരീക്ഷണവും നടന്നിട്ടില്ല. അല്ലാതെ ഒരു ലാത്തിച്ചാർജ്ജും നടന്നിട്ടില്ല. ഒരിടത്തും നടന്നിട്ടില്ല. അങ്ങ് വളരെ വലുതായിട്ട് പറയുമ്പോൾ, ഇത്രയധികം പോലീസ് മർദ്ദനവും ബൂട്ട്സിട്ട് ചവിട്ടുംഒക്കെ ഉണ്ടാകുമ്പോൾ ആർക്കെങ്കിലുമൊക്കെ പരിക്ക് പറ്റേണ്ടതല്ലേ? അതുകൊണ്ട് ബലപ്രയോഗം നടന്നിട്ടില്ല. പക്ഷേ അവരെ റിമൂവ് ചെയ്യേണ്ടതായി വന്നു. അതിന് സഹകരിക്കാതെവന്ന സമയത്ത് അവരെ റിമൂവ് ചെയ്യാൻ വേണ്ടി ശ്രമം നടത്തി. അതു സംബന്ധിച്ച് ആർക്കും ഒരു പരിക്കും പറ്റിയിട്ടില്ല. അങ്ങനെ ഒരു പ്രശ്നവുമുണ്ടായിട്ടില്ല എന്ന് ഞാൻ ആവർത്തിച്ച് വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ മന്ത്രി രാജി വയ്ക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ആവശ്യപ്പെട്ടു. എന്തിന് രാജിവയ്ക്കണമെന്നുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിന് മറുപടി നല്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. അതില്ല എന്നു ഞാൻ പറയുന്നില്ല. ഇതിന്റെ കുറ്റവാളികളെ കണ്ടുപിടിക്കണം. അവരെ നിയമത്തിനു മുന്നിൽ കൊണ്ടു വരണം. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകത്ത് വിദ്യാഭ്യാസ മന്ത്രിയുടെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ച വന്നതായി കരുതുന്നില്ല. അദ്ദേഹം രാജിവയ്ക്കേണ്ട ആവശ്യമില്ല. അങ്ങനെ രാജിവയ്ക്കണമെന്നുള്ള ആവശ്യം ഗവൺമെന്റ് നിരാകരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ആവശ്യമില്ലെന്നാണ് ഗവൺമെന്റിന് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ചില സാങ്കേതിക കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. പത്രങ്ങളെ ഉദ്ധരിച്ചതിന് പകരമായി പത്രങ്ങളിൽനിന്നു തന്നെയുള്ള ചില വാചകങ്ങൾ ഉപയോഗിച്ച് അഭിനന്ദനം പത്രങ്ങൾ തനിക്ക് നല്കിയിരിക്കുന്നു എന്ന് വ്യാഖ്യാനിച്ചു കൊണ്ടാണ് എന്റെ പ്രിയപ്പെട്ട സ്നേഹിതൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിന് ന്യായീകരണം ഉണ്ടാക്കുന്നത്. പക്ഷേ പത്രങ്ങളാകെ പറഞ്ഞിട്ടുള്ള ഒരു കാര്യം ഇപ്പോഴും ഉയർന്ന ശബ്ദത്തിൽ നില്ക്കുകയാണ്. കള്ളൻ കപ്പലിൽ തന്നെ. അപ്പോൾ ആ സത്യത്തിൽനിന്നും മന്ത്രിക്ക് ഒളിച്ചോടുവാൻ കഴിയുകയില്ല. ആറു ലക്ഷത്തോളം വരുന്ന കുട്ടികളുടെ ഭാവിയിട്ട് പന്താടുന്ന ഈ പ്രശ്നത്തെ സംബന്ധിച്ച് രാജിക്ക് ആധാരമായ കാര്യങ്ങൾ ഞങ്ങൾ പറയുന്നില്ല, പ്രതിപക്ഷം പറയുന്നില്ല എന്നു പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാഭ്യാസ മന്ത്രിയെ ന്യായീകരിക്കുന്നത്. ഞങ്ങൾ ആദ്യമേ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്താണ്? ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ രംഗത്തെ കച്ചവടവത്കരണം. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം. സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് സഹായകരമായിട്ടുള്ള നിലയിൽ പ്രൈവറ്റ് ഏജൻസികളെ പരീക്ഷകൾക്കുപോലും ആശ്രയിക്കുന്ന സമീപനം; ഇവിടെത്തന്നെ ഐ. ടി. രംഗത്തെ മൈക്രോ സോഫ്റ്റ് എക്സാമിനേഷൻ എന്ന പരീക്ഷ ലോകത്തിലെ ഏറ്റവും വലിയ കുത്തകയായ മൈക്രോ സോഫ്റ്റിന്റെ ആശ്രിതന്മാർക്കു വേണ്ടി ഒഴിഞ്ഞുകൊടുത്തിട്ടില്ലേ? ഇത് നടന്ന സംഭവമല്ലേ? അതിന്റെ പ്രധാനികളായിട്ടുള്ള ആളുകൾ, സ്വകാര്യ ഏജൻസി ഇപ്പോഴും എറണാകുളത്ത് വർക്ക് ചെയ്തു കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഇതിന്റെ മൂല്യനിർണ്ണയം നടത്തുന്നതിനുവേണ്ടിയുള്ള ഏജൻസി ചെന്നൈ കേന്ദ്രമാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ടി.ബി.ജി. ഇന്ത്യാ ലിമിറ്റഡ് എന്നു പറയുന്ന സ്വകാര്യ സ്ഥാപനമാണ്. ഇങ്ങനെ വിദ്യാഭ്യാസ രംഗത്തേയ്ക്ക് സ്വകാര്യവത്കരണത്തിന്റേതായ സ്ഥാപനങ്ങൾ വരിക, സ്വാഭാവികമായും

LIBRARY ARCHIVES Kerala Legislative Assembly

വളരെ നിലവാരം കുറഞ്ഞ അദ്ധ്യാപകന്മാരെയാണ് ഈ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജർമാർ നിയമിക്കുക. കാരണം കോഴയാണ് നിയമനത്തിന്റെ അടിസ്ഥാനം. അതുകൊണ്ട് നാലാമത്തെ പ്രാവശ്യമോ അഞ്ചാമതോ ഒക്കെയായി കഷ്ടിച്ച് ജയിച്ച അദ്ധ്യാപകരായിരിക്കും ഇവിടെ പഠിപ്പിക്കുന്നവർ. അതിന്റെ എല്ലാംതന്നെ ഫലമായി വിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ നിലവാരം വളരെ വളരെ താഴ്ന്നതായിരിക്കും. അങ്ങനെയുള്ള കുട്ടികളെ വിജയിപ്പിക്കണമെന്നുണ്ടെങ്കിൽ ചോദ്യ പേപ്പർ നേരത്തേ കിട്ടിയാൽ അവർക്ക് എല്ലാം പഠിച്ചുകൊണ്ടു വന്ന് എഴുതുവാൻ കഴിയും. അപ്പോൾ അത്തരക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനങ്ങൾ അന്തഃപുരത്തിന്റെ പ്രധാനപ്പെട്ട ആളുകളിൽനിന്നുതന്നെ ആ ശക്തികൾക്ക് ചോർത്തിക്കൊടുത്തു കാണുമെന്നുള്ളത് സ്വാഭാവികമാണ്. അതാണ് ഞങ്ങൾ പറയുന്നത് നിങ്ങളുടെ വിദ്യാഭ്യാസ നയം, വിദ്യാഭ്യാസ രംഗത്ത് കച്ചവടവത്കരണം, വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെ ശക്തിപ്പെടുത്തുന്ന നയം, അടിസ്ഥാനപരമായ ആ നയത്തിന്റെ ഫലമായിട്ടാണ് ഇത്തരം പിശകുകളിലേയ്ക്കും തെറ്റുകളിലേയ്ക്കുംതന്നെ നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നത് സത്യമാണ്. ആ സത്യമാണ് ഞങ്ങൾ ആദ്യംമുതലേ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന് വിധേയമായിട്ടല്ലാതെ നിങ്ങൾക്ക് പോകുവാൻ കഴിയുകയില്ല. അങ്ങനെ പോകുന്നതിന്റെ ഫലമായിട്ടാണ് നമ്മുടെ കുട്ടികളുടെ ഭാവി, അമ്പു മാർക്കിനു വേണ്ടി മൈക്രോ സോഫ്റ്റിന്റെ ഒരു പരീക്ഷണ കേന്ദ്രമായി നമ്മുടെ കുട്ടികളെ നിങ്ങൾ എറിഞ്ഞു കൊടുത്തത്. അതുപോലെതന്നെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരുടെ താല്പര്യങ്ങൾക്കുവേണ്ടി നിങ്ങൾ നമ്മുടെ കുട്ടികളെ രണ്ടാമതും എറിഞ്ഞു കൊടുത്തതിന്റെ ഫലമായിട്ടാണ് ഈ പരീക്ഷാ രംഗത്ത് ചോർച്ചയും വെട്ടിപ്പുമെല്ലാം നടത്തി ഇന്ത്യയിൽ, കേരളത്തിനാകെ അപമാനകരമായ ഒരു സ്ഥിതി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അതിന്റെ കാരണഭൂതനായ വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കണമെന്ന് ഞങ്ങൾ പറഞ്ഞത്.

ഇതിനെ സംബന്ധിച്ച് വിശദമായ ഒരു ജുഡീഷ്യൽ എൻക്വയറി നടത്തണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ആ ആവശ്യമാണ് ഇന്നലെ ഞങ്ങൾ ഉന്നയിച്ചത്, ഇന്നും ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ കാര്യകാരണങ്ങളൊക്കെ തന്നെ വളരെ വിശദമായി അടിയന്തിരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എം. വി. ജയരാജൻ വിസ്തരിച്ചു കഴിഞ്ഞു. അതിന് നിങ്ങൾ സമയം കൊടുത്തതിൽ എനിക്ക് നന്ദിയുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന് അതെല്ലാം വളരെ വിശദമായി പ്രതിപാദിക്കാൻ കഴിഞ്ഞു. അതിനെല്ലാം സവിസ്തരം എന്നു തോന്നുന്ന വിധത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മറുപടി പറയുകയും ചെയ്തു. എന്നാലും മറുപടികളൊന്നും തന്നെ അടിസ്ഥാനപ്രശ്നങ്ങളെ തൊടുന്നതല്ല. അതുകൊണ്ട് അടിസ്ഥാനപരമായ നയസമീപനങ്ങളെ തിരുത്താത്ത ഈ ഗവൺമെന്റിന്റെ നയസമീപനങ്ങളോടുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനു ശേഷം വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: കേരളത്തിലെ 6 ലക്ഷം എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടേയും അവരുടെ കുടുംബങ്ങളുടേയും മനസ്സിനെ ആകമാനം മഥിക്കുന്ന വിഷമവും ദു:ഖവും അറിഞ്ഞുകൊണ്ട്, അതിൽ പങ്കുചേർന്നുകൊണ്ട് എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു എന്നുപറയാൻ നിൽക്കുകയാണ്. അപ്പോൾ എന്റെ മനസ്സിലുള്ള സങ്കടം ഞാൻ മറച്ചുവയ്ക്കുന്നില്ല. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ രംഗത്ത് ഗ്രേഡിംഗ് അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കാൻ കാണിച്ച ശുഷ്കാന്തിയിൽ ഞാൻ അങ്ങേയറ്റം ആദരവുള്ളവനാണ്. അങ്ങനെയുള്ള ഒരു മന്ത്രി ഇത്രയും ഗൗരവമായ ഒരു വീഴ്ചയുണ്ടാകുമ്പോൾ അതിൽ കാണിച്ച ലാഘവത്വം മനസ്സിലാക്കാൻ എനിക്ക് പ്രയാസമുണ്ട്. നിസ്സാരമായ കാര്യമല്ല. കഴിഞ്ഞ ഡിസംബറിൽ ക്രിസ്തുമസ് പരീക്ഷയുടെ സമയത്തും ചോദ്യപേപ്പർ ചോർന്നതായ വിമർശനങ്ങളുണ്ടായിരുന്നു. അന്ന് ഗവൺമെന്റ് പെട്ടെന്ന് കൈകഴുകി. ഗവൺമെന്റ് പറഞ്ഞു അങ്ങനെ ഉണ്ടായെങ്കിൽ ആ പരീക്ഷയുടെ മാർക്ക് പരിഗണിക്കേണ്ടതില്ല അത് ഒഴിവാക്കാമെന്ന്. അന്ന് ചോദ്യപേപ്പർ ചോർന്നതായ വിമർശനമുണ്ടായപ്പോൾ സത്യാവസ്ഥ കണ്ടെത്താനോ കുറ്റക്കാരെ പിടിക്കാനോ ശിക്ഷിക്കാനോ ഉള്ള നീക്കം ഉണ്ടായിരുന്നെങ്കിൽ ഇന്നുണ്ടായ ഭീകരമായ തകർച്ച ഒഴിവാക്കാമായിരുന്നില്ലേ? എന്തുകൊണ്ട് ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ ഉപദേശകന്മാരും അന്നത്തെ ഗൗരവമായ പാളിച്ച ലാഘവബുദ്ധിയോടെ കണ്ടുവെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ഗ്രേഡിംഗിന്റെ ഫലമായി ഈ രംഗത്തുണ്ടായ ഗുണപരമായ മാറ്റങ്ങൾ ഇഷ്ടപ്പെടാത്ത കേന്ദ്രങ്ങൾ കേരളത്തിൽ സജീവമാണ്. വിദ്യാഭ്യാസ മേഖല സമ്പൂർണ്ണമായി കച്ചവട മേഖലയായി മാറിക്കൊണ്ടിരിക്കുന്നു. ഗൈഡുകളുടെ പേരിൽ കച്ചവടത്തിന്റേയും കമ്പോളത്തിന്റേയും മാത്രം ലക്ഷ്യമുള്ള ശക്തികൾക്ക് ഉണ്ടാകാനിടയുള്ള നഷ്ടത്തെപ്പറ്റിയുള്ള ബോധമാണ് അവരെക്കൊണ്ട് ഇത് ചെയ്യിച്ചത്. പരീക്ഷാഭവൻ ആസ്ഥാനമാക്കി അവർക്ക് ഇടപെടാൻ കഴിയുന്നുണ്ടെന്ന് ന്യായമായും സംശയിക്കുന്നു. വിദ്യാഭ്യാസ മന്ത്രിയുടെ ഉദ്ദേശ്യശുദ്ധിക്ക് എത്രമാത്രം മഹത്വം ഉണ്ടെങ്കിൽപ്പോലും അദ്ദേഹത്തിന്റെ ഓഫീസിലെ എല്ലാ ആളുകളും ഇക്കാര്യത്തിൽ കുറ്റം ചെയ്യാത്ത ശുദ്ധാത്മാക്കളാണോ എന്ന സംശയം എനിക്കുണ്ട്. വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട ചിലരും പരീക്ഷാഭവനിലെ ഉന്നതന്മാരും വിദ്യാഭ്യാസ രംഗത്തെ വമ്പൻ കയ്യേറ്റ ലോബിയും എല്ലാം കൂടി നടത്തിയ ഏറ്റവും ഭീകരമായ അട്ടിമറിയുടെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ അന്വേഷണം വേണം. ഒരു ജുഡീഷ്യൽ നേച്ചറിലുള്ള അന്വേഷണത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും സത്യം പുറത്ത് കൊണ്ടുവരാൻ കഴിയാതിരിക്കേ ആ സത്യത്തെ പുറത്തെത്തിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് കാണിക്കുന്ന ഈ കടുത്ത നിലപാട് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. എ.ഐ.എസ്.എഫ്.-ന്റേയും എസ്.എഫ്.ഐ.-യുടേയും പ്രവർത്തകൻമാരെ തല്ലിച്ചതച്ചാൽ, വിദ്യാർത്ഥികളെ അടിച്ചൊതുക്കിയാൽ സത്യം പുറത്തു കൊണ്ടുവരാനുള്ള നീക്കത്തിന് അന്ത്യമുണ്ടാകാൻ പോകുന്നില്ല. രാഷ്ട്രീയ വശങ്ങളെല്ലാം മറന്നുകൊണ്ട് കേരളമാകെ പറയുന്ന ഈ പരീക്ഷയുടെ വിശ്വാസ്യത രക്ഷിച്ചേ മതിയാകൂ. എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രെഡിബിലിറ്റി പോയാൽ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ മേഖല സമ്പൂർണ്ണമായും താറുമാറാകും. അതുകൊണ്ട് വിദ്യാഭ്യാസ മേഖലയെ രക്ഷിക്കാൻ, കുറ്റവാളികളെ ശിക്ഷിക്കാനുള്ള അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ബിനോയ് വിശ്വവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

ശ്രീ. സി. കെ. നാണു: സർ, കേരളകൗമുദി പത്രത്തിന്റെ റിപ്പോർട്ടർക്ക് കിട്ടിയ വിവരം മാതൃകാപരമായി ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് കൈമാറിയതിന്റെ ഫലമായിട്ടാണ് ഇത്തരമൊരു സംഭവമുണ്ടായി എന്ന വാർത്ത ബഹുമാനപ്പെട്ട മന്ത്രിക്കും ഗവൺമെന്റിനും മനസ്സിലാക്കാൻ കഴിഞ്ഞതും നടപടിയെടുക്കാൻ കഴിഞ്ഞതും. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ച പല പത്രങ്ങളിലേയും മുഖപ്രസംഗങ്ങൾ തന്നെ സൂചിപ്പിക്കുന്ന ഒരു വസ്തുത ഇവിടെ പരീക്ഷാ രംഗത്ത് കൊണ്ടുവന്ന മാറ്റത്തെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾ, വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് ചില പരിഷ്ക്കാരങ്ങൾ വരുത്തി. വളരെ വെല്ലുവിളികളോടുകൂടിയാണ് ഈ പരിഷ്കാരങ്ങൾ ഇവിടെ കൊണ്ടുവന്നത്. ആ വെല്ലുവിളികളെ വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ മാനേജുമെന്റുകൾ തകർത്തപ്പോൾ ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? ഇത്രയും ഗൗരവമായ ഒരു പ്രശ്നം വന്നപ്പോൾ സത്യസന്ധമായ ഒരു അന്വേഷണം നടത്തണമെന്ന നിർദ്ദേശം വന്നപ്പോൾ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളുടെ കക്ഷി വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

ശ്രീ. എ. എ. അസീസ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നത് അഭിനന്ദനാർഹമായ കാര്യമാണ്. പക്ഷേ സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കച്ചവടക്കാരെ കയറൂരി വിട്ടതിന്റെ ഫലമായാണ് നിങ്ങൾക്ക് അവർ പാമ്പായി മാറിയത് എന്നുള്ള കാര്യം വിസ്മരിക്കരുത്. അതുകൊണ്ടു തന്നെയാണ് ഇത്തരമൊരു പ്രശ്നമുണ്ടായത്. ഇത് ഒരു വമ്പിച്ച ഗൂഢാലോചനയുടെ ഫലമാണ്. ഇന്ന് വിദ്യാർത്ഥി സമൂഹം പുറത്ത് വമ്പിച്ച പ്രക്ഷോഭം ആരംഭിച്ചിരിക്കുകയാണ്. ഇനി ഒരു പ്രക്ഷോഭത്തെ ഈ ഗവൺമെന്റ് നേരിടേണ്ടി വരും. എല്ലാ വിഭാഗം വിദ്യാർത്ഥി വിദ്യാർത്ഥിനികളും സമരരംഗത്താണ്. അതുകൊണ്ടുതന്നെയാണ് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly